# ആമുഖം

കേരള സംസ്ഥാനത്ത് വിവിധ കലാസാഹിത്യ സാംസ്കാരികപ്രവർത്ത നങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമ ത്തിനും ആശ്വാസത്തിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി സാംസ്കാരിക ക്ഷേമനിധി ആക്ടും ക്ഷേമനിധി ബോർഡും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ച ബഹു.കേരള സർക്കാരിനോടുള്ള നന്ദി രേഖപ്പെടു ത്തികൊണ്ട് അക്കാദമിയുടെ കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുന്നു.

മലയാളം നമ്മുടെ അഭിമാനം എന്ന മുദ്രാവാക്യമുയർത്തി കാസർകോട് മുതൽ പാറശ്ശാല വരെ സംഘടിപ്പിച്ച സാംസ്കാരികയാത്രയുടെ തുടർച്ച യായി മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിന് വേണ്ടി യുള്ള അർത്ഥപൂർണ്ണമായ ശ്രമങ്ങൾക്ക് ഈ വർഷം സാഹിത്യ അക്കാ ദമി നേതൃത്വം നൽകുകയുണ്ടായി. ഇതേ അവസരത്തിലാണ് ഒ.എൻ.വി. കുറുപ്പിന്റെ ജ്ഞാനപീഠലബ്ധിയിലൂടെ നീണ്ട ഒരു ഇടവേളയ്ക്കു ശേഷം മലയാളം വീണ്ടും ആദരിക്കപ്പെട്ടത്. സാഹിത്യ അക്കാദമിയുടെ നേതൃത്വ ത്തിൽ ഒ.എൻ.വി.ക്ക് തൃശൂരിൽ നൽകിയ സ്വീകരണം അക്ഷരാർത്ഥ ത്തിൽ മലയാളഭാഷയ്ക്കുള്ള പ്രണാമവും അർച്ചനയുമായി മാറി. തിരുവ നന്തപുരത്തുവെച്ച് നടന്ന പുരസ്കാരസമർപ്പണചടങ്ങിന്റെയും വിപുല മായ അനുബന്ധപരിപാടികളുടെയും നേതൃത്വവും സംഘാടനവും വിജ യകരമായി സാഹിത്യ അക്കാദമി നിർവ്വഹിച്ചു.

കമലാസുറയ്യ സാംസ്കാരിക സമുച്ചയത്തിന്റെയും അപ്പൻതമ്പുരാൻ മ്യൂസിയത്തിന്റെയും ശിലാസ്ഥാപനം ഈ കാലയളവിലാണ് നടന്നത്. കാല വിളംബം കൂടാതെ ഈ സമുച്ചയങ്ങൾ സാക്ഷാത്കരിക്കുന്നതിന് അക്കാ ദമി പ്രതിജ്ഞാബദ്ധമാണ്. തദനുസൃതമായ നടപടികൾ പുരോഗമിച്ചുവ രുന്നു. തിരുവില്വാമലയിൽ നിർമ്മിക്കുന്ന വി.കെ.എൻ.സ്മാരകത്തിനും തറ ക്കല്ലിട്ടു. കുഞ്ഞുണ്ണിമാസ്റ്റർ സ്മാരകം നിർമ്മിക്കുന്നതിനുള്ള ഭൂമി അക്കാ ദമിക്ക് അനുവദിച്ചുകിട്ടിയിട്ടുണ്ട്. സുവർണ്ണ ജൂബിലി സ്മാരകമന്ദിരം ഉദ്ഘാ ടനം ചെയ്തു. നവീകരിച്ച അക്കാദമി ഓഡിറ്റോറിയം പൊതുജനങ്ങൾ ക്കായി തുറന്നുകൊടുത്തു.

വളരെ പ്രധാനപ്പെട്ട ശില്പശാലകളും സെമിനാറുകളും സംഗമങ്ങളും ഈ വർഷം സംഘടിപ്പിക്കാനായി. രണ്ടു ദിവസങ്ങളിലായി നടന്ന പത്ര ഭാഷാ ശില്പശാലയും ഇ.ഭാഷാസാഹിത്യശില്പശാലയും അതതു രംഗത്തെ പ്രശ്നങ്ങളും വെല്ലുവിളികളും സാദ്ധ്യതകളും സമഗ്രമായി ചർച്ച ചെയ്യപ്പെടുന്നതായിരുന്നു. എഴുത്തുകാരികളുടെ സംഗമം, ബാലസാഹിത്യ സംഗമം, ദളിത് സാഹിത്യസംഗമം എന്നിവയും കേരള സമൂഹത്തിൽ ചല നങ്ങളുയർത്തിയ പരിപാടികളായിരുന്നു. ബഹറിൻ കേരളസമാജത്തിന്റെ സഹകരണത്തോടെ ബഹറിനിൽ സംഘടിപ്പിച്ച കഥ–നോവൽ ശില്പശാല, പ്രവാസി മേഖലയിൽ സാഹിത്യ അക്കാദമിയുടെ മൂന്നാമത് പരിപാടി

യായിരുന്നു. കൊൽക്കത്തയിൽ ബംഗാളി-മലയാളം വിവർത്തനശില്പശാല സംഘടിപ്പിച്ചു. ഒരു വർഷം നീണ്ടുനിന്ന ബഷീർ ജന്മശതാബ്ദി ആഘോഷങ്ങളുടെ സമാപനം കോഴിക്കോട് വെച്ച് നടത്തി. വൈലോപ്പിള്ളി, കെ.പി.നാരായണപിഷാരോടി, ഇടപ്പള്ളി രാഘവൻപിള്ള, ചങ്ങമ്പുഴ, പൊൻകുന്നം വർക്കി, ഇടശ്ശേരി, സി.ബി.കുമാർ, കെടാമംഗലം പപ്പുക്കുട്ടി ജന്മശതാബ്ദിആഘോഷങ്ങളും ശ്രദ്ധേയമായ സാംസ്കാരികപരിപാടികളായി മുന്നിൽനിൽക്കുന്നു. ടാഗോറിന്റെ ഗീതാഞ്ജലിയുടെ നൂറാം വാർഷികാഘോഷം കാസർകോട് വെച്ച് നടത്തി. ചെറുതും വലുതുമായ ഒട്ടേറെ പരിപാടികളിലൂടെ സാംസ്കാരിക ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും പ്രശംസയും കഴിഞ്ഞ ഒരു വർഷക്കാലയളവിലെ അക്കാദമി പ്രവർത്തനങ്ങൾക്ക് നേടിയെടുക്കാനായി എന്നതിൽ അഭിമാനവും ചാരിതാർത്ഥ്യവും ഉണ്ട്.

പുസ്തകപ്രസാധനരംഗത്ത് വൻപുരോഗതിയാണ് അക്കാദമി ഈ വർഷവും കാഴ്ചവെച്ചത്. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും പഠനത്തിനും വളർച്ചയ്ക്കും ഉതകുന്ന ഗവേഷണമൂല്യമുള്ള പുസ്തകങ്ങൾക്ക് പുറമെ കേരളീയസമൂഹത്തെ പ്രതിനിധീകരിക്കുന്നതും വിശകലനവിധേയമാക്കുന്നതുമായ ഒട്ടേറെ കൃതികളും ഈ കാലയളവിൽ പ്രസിദ്ധീകരിച്ചു. അർപ്പണബുദ്ധിയുള്ള പ്രതിഭാധനരായ പുതിയ എഴുത്തുകാരെയും അക്കാദമിക്ക് അവതരിപ്പിക്കാൻ കഴിഞ്ഞു. പുസ്തകവില്പനയിലും വൻ വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്.

കെട്ടിലും മട്ടിലും മാത്രമല്ല, ഉള്ളടക്കത്തിലും ഉയർന്ന നിലവാരമാണ് അക്കാദമി ആനുകാലികങ്ങൾക്കുള്ളത്. അക്കാദമി പ്രസിദ്ധീകരിക്കുന്ന സാംസ്കാരിക ഡയറിയ്ക്ക് കേരളീയസമൂഹത്തിൽ ഉയർന്ന പരിഗണനയാണ് ലഭിക്കുന്നത്.

മറ്റെങ്ങും ലഭ്യമല്ലാത്ത അമൂല്യമായ ഗ്രന്ഥശേഖരത്തിന്റെ വൈപുല്യം കൊണ്ടാണ് അക്കാദമി ലൈബ്രറി കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി വിലയിരുത്തപ്പെടുന്നത്. കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളുടെയും ഗവേഷണകേന്ദ്രമാണിത്. ഇതോടനുബന്ധിച്ച് എം.പി.പോൾ പഠനഗവേഷണകേന്ദ്രം ഈ വർഷം ഉദ്ഘാടനം ചെയ്യപ്പെട്ടു. അക്കാദമി സുവർണ്ണ ജൂബിലി മന്ദിരത്തിൽ ഡിജിറ്റൽ കൺസർവേഷൻ ലാബ് ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

സാഹിത്യ അക്കാദമി പ്രവർത്തനങ്ങൾക്ക് എല്ലാ തരത്തിലുള്ള സഹായങ്ങളും സർക്കാരിൽനിന്നും സാംസ്കാരികവകുപ്പിൽനിന്നും എഴുത്തുകാരിൽനിന്നും സാംസ്കാരികപ്രവർത്തകരിൽനിന്നും ലഭിച്ചിട്ടുണ്ട്. അർത്ഥപൂർണ്ണമായ ഒരുവർഷക്കാലയളവിലെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുന്ന വേളയിൽ അവർക്കെല്ലാവർക്കും ആത്മാർത്ഥമായ കടപ്പാടും കൃതജ്ഞതയും രേഖപ്പെടുത്തട്ടെ.

**പുഷ്പജൻ കനാരത്ത്**
സെക്രട്ടറി-ഇൻ-ചാർജ്ജ്

## അനുശോചനം

സാഹിത്യ-സാംസ്കാരിക -ഔദ്യോഗികരംഗത്തു നിന്ന് ഒട്ടേറെ പ്രമുഖ വ്യക്തികൾ ഈ കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞിട്ടുണ്ട്. ബംഗാൾ മുൻ മുഖ്യമന്ത്രി ജ്യോതിബസു, ഡോ. കെ.എം.പ്രഭാകരവാര്യർ, വിംസി, ഹക്കിം കൊമ്പനേഴത്ത്, സി.രാഘവൻ, ഗിരിഷ് പുത്ത ഞ്ചേരി, ശ്രീരേഖ, കെ.എൻ.രാജ്, ബി.ഉണ്ണികൃഷ്ണൻ, അണ്ണാമലപ്പുലവർ, പുത്തേഴത്ത് ഭാസ്കരമേനോൻ, പി. എൻ.സുന്ദരം, പി.ബാലകൃഷ്ണൻ, പി.എം.അബ്ദുൾ അസീസ്, കുത്ബുദ്ദീൻ, നെല്ലിക്കൽ മുരളീധരൻ, വർക്കല രാധാകൃഷ്ണൻ, കോവിലൻ, പി.ജി.വിശ്വം ഭരൻ, കെ.കെ.വാസുമാസ്റ്റർ, പ്രൊഫ.എ.ശ്രീധര മേനോൻ, അഡ്വ.വി.ജി.ഗോവിന്ദൻനായർ, തേമ്പാട്ട് ശങ്കരൻനായർ, ഡോ.ടി.ഭാസ്കരൻ, വേണു നാഗവള്ളി, രവീന്ദ്രകലേക്കർ, ചാത്തുക്കുട്ടി, എ.വി.ഗോപാല കൃഷ്ണൻ, ആർ.വി.കുഞ്ഞിക്കുട്ടൻതമ്പുരാൻ, അയ്യപ്പൻ, ഐ.വി.ദാസ്, ആചാര്യ നരേന്ദ്രഭൂഷൺ, വൈദ്യഭൂഷണം ഡോ.രാഘവൻ തിരുമുൽപ്പാട്, മാതയിൽ അരവിന്ദ്, കെ.എം.അഹമ്മദ്, നടയ്ക്കൽ പരമേശ്വരൻപിള്ള, പ്രൊഫ.ജി.ബാലകൃഷ്ണൻനായർ, ആറന്മുള പൊന്നമ്മ, എസ്.ഗോപാലകൃഷ്ണൻ, സെയ്ത്താൻ ജോസഫ്, ഐ.കെ.കെ.മേനോൻ, ശാരംഗപാണി, കെ.എം.മാത്യു, പാലാ കെ.എം.മാത്യു, മുൻ മുഖ്യമന്ത്രി കെ.കരുണാകരൻ, ശാന്താദേവി, സന്തോഷ്ജോഗി, കുമാരി തങ്കം, മഠത്തിൽ ഗോപാല മാരാർ, ഡോ.സി.പി.ശിവദാസൻ,പി.ശ്രീധരൻ, അഡ്വ. ജി.ജനാർദ്ദനക്കുറുപ്പ്, ഡോ.പി.കെ.ആർ.വാര്യർ എന്നി വർ ഭാഷയ്ക്കും സാഹിത്യത്തിനും ഔദ്യോഗിക രംഗത്തിനും നൽകിയ വിലപ്പെട്ട സംഭാവനകൾക്കു മുമ്പിൽ കേരള സാഹിത്യ അക്കാദമി ആദരപൂർവ്വം നമിക്കുന്നു.

# അക്കാദമി പരിപാടികൾ

**2010–2011**

## നവീകരിച്ച അക്കാദമി ഓഡിറ്റോറിയം

നവീകരിച്ച അക്കാദമി ഓഡിറ്റോറിയം 2010 ഏപ്രിൽ 3 ന് സാംസ്കാരിക വകുപ്പ് മന്ത്രി എം.എം.ബേബി സാംസ്കാരികകേരളത്തിന് സമർപ്പിച്ചു. പുരാവസ്തു വകുപ്പിന്റെ സഹകരണത്തോടെ പുനർനിർമ്മിച്ച അക്കാദമി ഓഡിറ്റോറിയവും വൈലോപ്പിള്ളി ഹാളും ഓഫീസ് കെട്ടിടവും അങ്കണവും അക്കാദമിയുടെ സാംസ്കാരികപ്രതിച്ഛായയ്ക്ക് മാറ്റുകൂട്ടുന്ന ഒന്നായി മാറിയിട്ടുണ്ട്.

## കൊൽക്കത്ത–കേരള ഫെസ്റ്റ് 2010

മലയാളികളുടെ വായനാശീലത്തെ പ്രോജ്ജ്വലിപ്പിക്കുന്നതിൽ നിരവധി ബംഗാളികൃതികൾ സ്വാധീനിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെയും പശ്ചിമ ബംഗാൾ സർക്കാരിന്റെയും സഹകരണത്തോടെ ഏപ്രിൽ 10 മുതൽ 14 കൊൽക്കത്തയിൽനടന്ന കൊൽക്കത്ത–കേരള ഫെസ്റ്റ് 2010 അത്യധികം ശ്രദ്ധേയമായ പരിപാടിയായിരുന്നു. ബംഗാളി– മലയാളം വിവർത്തശില്ശാലയ്ക്ക് സാഹിത്യ അക്കാദമിയാണ് നേതൃത്വം നൽകിയത്.

## പുസ്തകപ്രകാശനങ്ങൾ

കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച തർക്കസംഗ്രഹദീപിക, ഇടയന്റെ നിക്ഷേപം എന്നീ ഗ്രന്ഥങ്ങൾ പ്രൊഫ. ഒ.എൻ.വി.കുറുപ്പ് പ്രകാശിപ്പിച്ചു. പ്രൊഫ.എം.ആർ.ചന്ദ്രശേഖരൻ ഏറ്റുവാങ്ങി. അക്കാദമി പ്രസിദ്ധീകരിച്ച തമിഴ് കഥകളുടെ വിവർത്തസമാഹാരം അക്കാദമി വൈസ് പ്രസിഡണ്ട് പ്രഭാവർമ്മ, ഡോ.പി.വി.കൃഷ്ണൻനായർക്ക് നൽകി പ്രകാശിപ്പിച്ചു.

## മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി

മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവിയും അർഹമായ കേന്ദ്രസഹായവും നൽകണമെന്നാവശ്യപ്പെട്ട് കേരള മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ, സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബി, പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി എന്നിവരും പ്രമുഖ സാഹിത്യനായകന്മാരും ഇന്ത്യൻപ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിനെ സന്ദർശിച്ച് നിവേദനം നൽകി. ഒ.എൻ.വി.കുറുപ്പ്,സുഗതകുമാരി, ഡോ.പുതുശ്ശേരി രാമചന്ദ്രൻ, ഓംചേരി എൻ.എൻ.പിള്ള, സച്ചിദാനന്ദൻ എന്നിവരടങ്ങിയ പ്രതിനിധി സംഘത്തിനോട് മലയാളത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്നും ഒരു വിദഗ്ധസമിതിയെ ഇതിനായി ചുമതലപ്പെടുത്താമെന്നും പ്രധാനമന്തി ഉറപ്പുനൽകി. മലയള ഭാഷയ്ക്ക് മാത്രമായി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനം മലയളാഭാഷയുടെ വളർച്ചക്കും ക്ലാസിക്കൽ പദവി സഹായകമാകും.

### അക്കാദമി 54–ാം വാർഷികം, പുരസ്കാരസമർപ്പണം, വൈലോപ്പിള്ളി ജന്മശതാബ്ദി ആഘോഷം

2010 മെയ് 29,30 തീയതികളിൽ നടന്ന കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം, സമഗ്രസംഭാവനാപുരസ്കരം, 2009 ലെ അവാർഡ്, എൻഡോവ്മെന്റ് അവാർഡ് എന്നിവ വാർഷികസമ്മേളനത്തിൽവെച്ച് സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബി സമർപ്പിച്ചു. രണ്ടുദിനങ്ങളിലായി സംഘടിപ്പിച്ച സാഹിത്യസാംസ്കാരികപരിപാടികളിൽ പ്രമുഖ എഴുത്തുകാരും സാംസ്കാരികപ്രവർത്തകരും പങ്കെടുത്തു. അക്കാദമി പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും നടന്നു.

വൈലോപ്പിള്ളി ജന്മശതാബ്ദി ആഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് നടന്ന വൈലോപ്പിള്ളി കവിതാസെമിനാർ വിഷ്ണുനാരായണൻനമ്പൂതിരി ഉദ്ഘാടനം ചെയ്തു. പ്രൊഫ. ഏറ്റുമാനൂർ സോമദാസൻ വൈലോപ്പിള്ളി അനുസ്മരണപ്രഭാഷണം നിർവ്വഹിച്ചു. വൈലോപ്പിള്ളിക്കവിതയിലെ ചരിത്രചൈതന്യം എന്ന വിഷയം പ്രൊഫ.കെ.പി.ശങ്കരനും വൈലോപ്പിള്ളിക്കവിതയുടെ സമകാലപ്രസക്തി എന്ന വിഷയം പ്രൊഫ. എരുമേലി പരമേശ്വരൻപിള്ളയും വൈലോപ്പിള്ളിക്കവിതയിലെ മനുഷ്യൻ, പ്രകൃതി, കവിത എന്ന വിഷയം ഡോ.കെ.എസ്.രവികുമാറും വൈലോപ്പിള്ളിക്കവിതയിലെ ആന്തരികസംഘർഷങ്ങൾ എന്ന വിഷയം ഡോ.കെ.പി. മോഹനനും അവതരിപ്പിച്ചു.

### എം.മുകുന്ദന് യാത്രയയപ്പ്

കേരളസാഹിത്യ അക്കാദമിയുടെ പ്രസിഡണ്ട് സ്ഥാനം ഒഴിഞ്ഞ എം. മുകുന്ദന് നൽകിയ യാത്രയയപ്പ് സാംസ്കാരികകേരളത്തിന്റെ ആദരപ്രണാമമായി മാറി. അക്കാദമിയുടെയും ജീവനക്കാരുടെയും സ്നേഹോപഹാരം എം. മുകുന്ദൻ ഏറ്റുവാങ്ങി.

### വിലാസിനി പുരസ്കാര സമർപ്പണം

കേരള സാഹിത്യ അക്കാദമി വിലാസിനി പുരസ്കാരം പ്രശസ്ത നിരൂപകൻ എം.കെ.ഹരികുമാറിന് അക്കാദമി പ്രസിഡണ്ട് പി.വത്സല സമർപ്പിച്ചു. ആധുനിക നോവൽ വിമർശനങ്ങൾഎന്ന വിഷയത്തിൽ ഡോ.ദേശമംഗലം രാമകൃഷ്ണൻ വിലാസിനി സ്മാരകപ്രഭാഷണം നടത്തി. അക്കാദമി വൈസ് പ്രസിഡണ്ട് പ്രഭാവർമ്മ, അശോകൻചരുവിൽ, ഡോ.എൻ.ആർ. ഗ്രാമപ്രകാശ്, പ്രഭാമേനോൻ എന്നിവർ പങ്കെടുത്തു.

### പുസ്തകപ്രകാശനം

അക്കാദമി പ്രസിദ്ധീകരിച്ച വനിതാപത്രപ്രവർത്തനം ചരിത്രവും വർത്തമാനവും എന്ന ഗ്രന്ഥം പി.ആർ.രാജൻ എം.പി. തൃശൂർ ദേശാഭിമാനിയിൽ സംഘടിപ്പിച്ച ചടങ്ങിൽ ഡോ.ആർ.പാർവ്വതിദേവിക്ക് നൽകി പ്രകാശിപ്പിച്ചു.

**കോവിലന് ആദരാഞ്ജലി-അനുസ്മരണം**

ജൂൺ 2 ന് കോവിലന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ജന്മനാടായ കണ്ടാണശ്ശേരിയിൽ അക്കാദമി സംഘടിപ്പിച്ച അനുശോചന യോഗത്തിൽ ബഹു.സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബി, റവന്യൂ വകുപ്പ് മന്ത്രി കെ.പി.രാജേന്ദ്രൻ, ജനപ്രതിനിധികൾ, പ്രമുഖരായ എഴുത്തുകാർ അടക്കം വൻ ജനാവലി പങ്കെടുത്തു.

അക്കാദമി വൈലോപ്പിള്ളിഹാളിൽ ജൂൺ 3 ന് കോവിലൻ അനുസ്മരണം നടത്തി. അക്കാദമി പ്രസിഡണ്ട് പി.വത്സല അദ്ധ്യക്ഷതവഹിച്ചു. മേയർ പ്രൊഫ.ആർ.ബിന്ദു, പുരുഷൻകടലുണ്ടി, വൈശാഖൻ, കെ.ഇ.എൻ., പി.കെ.പോക്കർ, അശോകൻ ചരുവിൽ, രാവുണ്ണി, ജോയ് എം.മണ്ണൂർ, പ്രൊഫ. എം.മുരളീധരൻ, ഡോ.എൻ.ആർ.ഗ്രാമപ്രകാശ്, പി.ബാലചന്ദ്രൻ, വി.കെ.ഷറഫുദ്ദീൻ, കെ.കെ.ഹിരണ്യൻ, സലിംകേച്ചേരി, വിജേഷ് എടക്കുന്നി എന്നിവർ അസഹ്യമായ ജീവിതാവസ്ഥകളോട് പോരടിച്ച് രൂപപ്പെട്ട ആ വ്യക്തിത്വത്തെ അനുസ്മരിച്ചു.

**യുവസാഹിത്യശിലശാല-കാസർകോഡ്**

സാഹിത്യ അക്കാദമിയുടെ എഴുത്തുവിളക്ക്-യുവസാഹിത്യശില്പശാലയുടെ ജില്ലാ തല ക്യാമ്പിന്റെ സംസ്ഥാന തല ഉദ്ഘാടനം കാസർഗോഡ് കാരിയിൽ അക്കാദമി പ്രസിഡണ്ട് പി.വത്സല നിർവ്വഹിച്ചു. കെ.ഇ.എൻ., എം.മുകുന്ദൻ, കെ.കുഞ്ഞിരാമൻ എം.എൽ.എ., പി.വി.കെ.പനയാൽ, ഇ.പി.രാജഗോപാലൻ, രവീന്ദ്രൻ കൊടയ്ക്കാട്, ഒ.അബ്ദുൾ റഹിമാൻ എന്നിവർ പങ്കെടുത്തു.

**പുസ്തകപ്രകാശനം**

ഡോ.വള്ളിക്കാവ് മോഹൻദാസിന്റെ 'അരയൻ' എന്ന ഗ്രന്ഥം മന്ത്രി എം.എ.ബേബി പ്രകാശിപ്പിച്ചു. സുഗതകുമാരി ടീച്ചർ പുസ്തകം ഏറ്റുവാങ്ങി.

**ബഷീർ ജന്മശതാബ്ദി സമാപനസമ്മേളനം കോഴിക്കോട്**

ഒരു വർഷം നീണ്ടുനിന്ന ബഷീർ ജന്മശതാബ്ദി ആഘോഷങ്ങൾ കേരളത്തിലും മസ്കറ്റിലും ദുബായിലും സംഘടിപ്പിച്ചിരുന്നു. ഇതിന്റെ സമാപനം കോഴിക്കോട് നടന്നു. അളകാപുരിയിൽ വെച്ച് നടന്ന സമാപനച്ചടങ്ങിൽ സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബി, ബഷീറിന്റെ പത്നി ഫാബി ബഷീറിന് ഉപഹാരം നൽകി ആദരിച്ചു. പി.വത്സല, കെ.ഇ.എൻ., കെ.പി.രാമനുണ്ണി, പി.ആർ.നാഥൻ, യു.കെ.കുമാരൻ, സി.കെ.രേണുകാദേവി, കെ.പി.സുധീര, അനീസ് ബഷീർ, പ്രദീപ് ഹുഡിനോ എന്നിവർ പങ്കെടുത്തു.

**യുവസാഹിത്യ ശിൽപശാല- മലപ്പുറം**

അക്കാദമി പ്രസിഡണ്ട് പി.വത്സല ഉദ്ഘാടനം ചെയ്തു. ഡോ.എൻ.രാജൻ, ബഷീർ ചുങ്കത്തറ, മണമ്പൂർ രാജൻ ബാബു, പുരുഷൻ കടലുണ്ടി, സോണിയ ഇ.പ. തുടങ്ങി പ്രമുഖ എഴുത്തുകാർ ക്ലാസ്സുകൾ നയിച്ചു.

**യുവസാഹിത്യ ശില്പശാല-കോട്ടയം**

കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ ക്യാമ്പുകൾ സംയുക്തമായി ജൂൺ 30, ജൂലായ് 1 തീയതികളിൽ നടന്നു. പ്രമുഖ എഴുത്തുകാർ ക്ലാസ്സുകൾ നയിച്ചു.

**പൊൻകുന്നം വർക്കി ജന്മശതാബ്ദി**

പൊൻകുന്നം വർക്കി ജന്മശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം ചലച്ചിത്ര സംവിധായകൻ ജയരാജ് നിർവ്വഹിച്ചു. വി.എൻ.വാസവൻ എം.എൽ.എ., പ്രൊഫ.സുജ സൂസൺ ജോർജ്ജ്, പ്രൊഫ.രാജൻ ജോർജ്ജ് പണിക്കർ, എൻ.എസ്.ആതിര തുടങ്ങിയവർ സംസാരിച്ചു. രാവിലെ നവലോകം പ്രവർത്തകരും കുടുംബാംഗങ്ങളും അക്കാദമി പ്രതിനിധികളും സ്മൃതിമണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി.

**മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി -സ്വാഗതസംഘം ഓഫീസ്**

മലയാളഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തിരുവനന്തപുരത്ത് സ്വാഗതസംഘം ഓഫീസ് തുറന്നു. സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബിയുടെ അദ്ധ്യക്ഷതയിൽ ഭക്ഷ്യ-സിവിൽസപ്ലൈസ് വകുപ്പ് മന്ത്രി സി.ദിവാകരൻ ഓഫീസ് ഉദ്ഘാടനം നിർവ്വഹിച്ചു. പ്രൊഫ.ഒ.എൻ.വി.കുറുപ്പ്, ഡോ.പുതുശ്ശേരി രാമചന്ദ്രൻ, ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ, തുടങ്ങിയവർ പങ്കെടുത്തു.

**യുവസാഹിത്യ ശില്പശാല- കണ്ണൂർ**

ജൂലായ് 7, 8 തീയതികളിൽ തലശ്ശേരിയിൽ നടന്നു. കണ്ണൂർ നഗരസഭ ചെയർമാൻ കെ.പി.രവീന്ദ്രന്റെ അദ്ധ്യക്ഷതയിൽ അക്കാദമി പ്രസിഡണ്ട് പി.വത്സല ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കവിയൂർ രാജഗോപാൽ, വി.വി.രുഗ്മിണി, കെ.ഇ.എൻ., ടി.എൻ.പ്രകാശ്, കുരീപ്പുഴ ശ്രീകുമാർ, എൻ.രാഘവൻ, എ.വി.പവിത്രൻ എന്നിവർ ക്ലാസ്സുകളെടുത്തു.

**കുഞ്ഞുണ്ണിമാഷ് സ്മാരകഭൂമി അക്കാദമിക്ക്**

കുഞ്ഞുണ്ണിമാഷുടെ സ്മരണ നിറഞ്ഞുനിന്ന പ്രൗഢമായ ചടങ്ങിൽവെച്ച് കുടുംബാംഗങ്ങൾ സംഭാവന ചെയ്ത ഭൂമിയുടെ രേഖകൾ റവന്യൂവകുപ്പ് മന്ത്രി കെ.പി.രാജേന്ദ്രനിൽനിന്ന് അക്കാദമി നിർവ്വാഹക സമിതിയംഗം അശോകൻ ചരുവിൽ ഏറ്റുവാങ്ങി. കുഞ്ഞുണ്ണിമാസ്റ്ററുടെ കുടുംബാംഗങ്ങളെ പ്രതിനിധീകരിച്ച് ഉഷാകേശവരാജാണ് ഭൂമിയുടെ പ്രമാണം മന്ത്രിക്ക് കൈമാറിയത്.

**നീർമാതളഭൂമി ഹരിതവത്കരണം**

കമലാസുറയ്യ അക്കാദമിക്ക് നൽകിയ പുന്നയൂർക്കുളത്തെ ഭൂമിയിൽ സംസ്ഥാന വനംവകുപ്പിന്റെ സഹകരണത്തോടെ ഹരിതവത്കരണം നടത്തി. ബഹു.വനംവകുപ്പ് മന്ത്രി ശ്രീ.ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്തു. കെ.വി.അബ്ദുൾഖാദർ അദ്ധ്യക്ഷതവഹിച്ചു. ഡോ.സുകുമാർ

അഴീക്കോട് മുഖ്യാതിഥിയായിരുന്നു. വൈശാഖൻ, രാവുണ്ണി, സി.ടി.സോമശേഖരൻ, ബി.എസ്.കൊറി ഐ.എഫ്.എസ്., പി.ഗോപാലൻ, ഹീര കൃഷ്ണദാസ്, കെ.ബി.സുകുമാരൻ എന്നിവർ പങ്കെടുത്തു.

**കമലാസുറയ്യ സാംസ്കാരികസമുച്ചയത്തിന്റെ ശിലാസ്ഥാപനം**

കമലാസുറയ്യ അക്കാദമിക്ക് നൽകിയ നീർമാതളഭൂമിയിൽ നിർമ്മിക്കുന്ന സാംസ്കാരികസമുച്ചയത്തിന്റെ ശിലാസ്ഥാപനം സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബി നിർവ്വഹിച്ചു. ഡോ.സുകുമാർ അഴീക്കോട്, പി.വത്സല, വൈശാഖൻ, സുലോചന നാലപ്പാട്ട്, കെ.വി.അബ്ദുൾഖാദർ എം.എൽ.എ., കെ.എം.ഖാദർ, പ്രഭാവർമ്മ, അശോകൻ ചരുവിൽ, ആലങ്കോട് ലീലാകൃഷ്ണൻ, പുരുഷൻ കടലുണ്ടി, സി.ടി.സോമരാജൻ തുടങ്ങിയവർ പങ്കെടുത്തു. ഉത്സവച്ഛായകലർന്ന അന്തരീക്ഷത്തിൽ ഗ്രാമവാസികളും വിദ്യാർത്ഥികളും ഉൾപ്പെടെ വൻജനാവലി സമ്മേളനത്തിന് സാക്ഷ്യംവഹിച്ചു. ഘോഷയാത്രയിൽ ആയിരങ്ങളാണ് പങ്കെടുത്തത്.

**പത്രഭാഷാ ശില്പശാല**

കേരള സാഹിത്യ അക്കാദമിയും കേരള പത്രപ്രവർത്തകയൂണിയനും സംയുക്തമായി അക്കാദമി ഓഡിറ്റോറയത്തിൽ സംഘടിപ്പിച്ച പത്രഭാഷാശില്പശാല എം.ടി.വാസുദേവൻനായർ ഉദ്ഘാടനം ചെയ്തു. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ., പി.വത്സല,വൈശാഖൻ, പ്രഭാവർമ്മ, എസ്.ആർ.ശക്തിധരൻ, എൻ.പി.രാജേന്ദ്രൻ, കെ.സി.രാജഗോപാൽ, അശോകൻ ചരുവിൽ, മനോഹരൻ മൊറായി, ജോയ് എം.മണ്ണൂർ തുടങ്ങിയവർ പങ്കെടുത്തു. രണ്ടു ദിവസങ്ങളിലായി നടന്ന സമ്മേളനങ്ങൾ വൈവിധ്യമാർന്ന വിഷയങ്ങളിലുള്ള പ്രഭാഷണങ്ങൾകൊണ്ടും പ്രബന്ധാവതരണങ്ങൾകൊണ്ടും വേറിട്ടുനിന്നു. സമാപനസമ്മേളനം ഡോ.സുകുമാർ അഴീക്കോട് ഉദ്ഘാടനം ചെയ്തു.

**കെ.എം.മാത്യു അനുസ്മരണം**

കേരള സാഹിത്യ അക്കാദമിയും കേരള പത്രപ്രവർത്തകയൂണിയനും ചേർന്ന് കെ.എം.മാത്യു അനുസ്മരണം സംഘടിപ്പിച്ചു. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. അദ്ധ്യക്ഷതവഹിച്ചു. മേയർ ആർ.ബിന്ദു, ബാബു എം.പാലിശ്ശേരി എം.എൽ.എ., വൈശാഖൻ, ഐ.ജി.മുഹമ്മദ് യാസിൻ, പ്രസ്സ് ക്ലബ്ബ് പ്രസിഡണ്ട് ജോയ് എം.മണ്ണൂർ, പ്രൊഫ. ജോൺ സിറിയക്, ദേശാഭിമാനി തൃശൂർ യൂണിറ്റ് മാനേജർ യു.പി.ജോസഫ്, പ്രൊഫ.ഇ.രാജൻ, ജനയുഗം മാനേജർ പി.ബാലചന്ദ്രൻ, സി.എൽ.ജോസ്, കലാമണ്ഡലം രജിസ്ട്രാർ സുന്ദരേശൻ, പ്രൊഫ.എം.മുരളീധരൻ, പ്രൊഫ.എം.മാധവൻകുട്ടി, മാതൃഭൂമി ഡെപ്യൂട്ടി എഡിറ്റർ എം.പി.സുരേന്ദ്രൻ, ദൂരദർശൻ തൃശൂർ കേന്ദ്രം ഡയറക്ടർ ഡോ.സി.കെ.തോമസ്, കോസ്റ്റ്ഫോർഡ് ഡയറക്ടർ ടി.ആർ.ചന്ദ്രദത്ത്, പ്രസ് ക്ലബ്ബ് വൈസ് പ്രസിഡണ്ട് വി.എം.രാധാകൃഷ്ണൻ,മലയാള മനോരമ സ്പെഷ്യൽ കറസ്പോണ്ടന്റ് ഉണ്ണി കെ.വാരിയർ തുടങ്ങിയവർ പങ്കെടുത്തു.

**വി.കെ.എൻ.സ്മാരകം ശിലാസ്ഥാപനം**

തിരുവില്വാമലയിൽ നിർമ്മിക്കുന്ന വി.കെ.എൻ.സ്മാരകത്തിന് നിയമസഭാ സ്പീക്കർ കെ.രാധാകഷ്ണൻ ശിലാസ്ഥാപനം നടത്തി. സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബി അദ്ധ്യക്ഷതവഹിച്ചു. ജില്ലാ ബാങ്ക് പ്രസിഡണ്ട് കെ.പി.രാധാകൃഷ്ണൻ, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി.പി.മുഹമ്മദ്കുട്ടി, പഞ്ചായത്ത് പ്രസിഡണ്ട് കെ.പി.ഉമാശങ്കർ, അക്കാദമി പ്രസിഡണ്ട് പി.വത്സല, സെക്രട്ടറി പുരുഷൻ കടലുണ്ടി, ജില്ലാ പഞ്ചയാത്തംഗം ടി.കെ.സുലോചന, പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കുമാർ, ബ്ലോക്ക് പഞ്ചായത്തംഗം എ.ശരവണൻ, പഞ്ചായത്ത് അംഗങ്ങായ എം.ആർ.മണി, സി.സോമസുന്ദരൻ, എൻ.രാംകുമാർ എന്നിവർ പങ്കെടുത്തു.

**യുവസാഹിത്യ ശില്പശാല-പാലക്കാട്**

പാലക്കാട് ജില്ല യുവസാഹിത്യക്യാമ്പ് അക്കാദമി പ്രസിഡണ്ട് പി.വത്സല ഉദ്ഘാടനം ചെയ്തു. കെ.ഇ.എൻ.കുഞ്ഞഹമ്മദ്, ക്യാമ്പ് ഡയറക്ടർ മുണ്ടൂർ സേതുമാധവൻ, കളക്ടർ കെ.വി.മോഹൻകുമാർ, വൈശാഖൻ, പ്രൊഫ.കെ.പി.ശങ്കരൻ, അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കാസിം, കുഞ്ചൻ സ്മാരകം ചെയർമാൻ എം.രാമകൃഷ്ണൻ, എ.കെ.ചന്ദ്രൻകുട്ടി, ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി, ജി.പി.രാമചന്ദ്രൻ, എം.ബി.രാജേഷ് എന്നിവർ പങ്കെടുത്തു.

**സി.ബി.കുമാർ ജന്മശതാബ്ദി**

മലയാളഭാഷയേയും കേരളത്തെയും അഗാധമായി പ്രണയിച്ച സി.ബി. കുമാറിന്റെ ജന്മശതാബ്ദിയാഘോഷം ഡോ.സുകുമാർ അഴീക്കോട് ഉദ്ഘാടനം ചെയ്തു. അക്കാദമി പ്രസിഡണ്ട് പി.വത്സല അദ്ധ്യക്ഷതവഹിച്ചു. ഡോ.കെ.എസ്.രവികുമാർ പ്രബന്ധം അവതരിപ്പിച്ചു. എം.പി.സുരേന്ദ്രൻ, ഡോ.സി.ശരത്ചന്ദ്രൻ, ബി.എസ്.കുമാർ, അശോകൻ ചരുവിൽ എന്നിവർ പങ്കെടുത്തു.

**ഓണം പുസ്തകോത്സവം**

അക്കാദമി കാമ്പസിൽ സംഘടിപ്പിച്ച ഓണം പുസ്തകോത്സവം ബഹു. മേയർ ആർ.ബിന്ദു ഉദ്ഘാടനം ചെയ്തു. പ്രൊഫ.കെ.യു.അരുണൻ, വിശ്വഭദ്രാനന്ദ ശക്തിബോധി തുടങ്ങിയവർ പങ്കെടുത്തു. ഉള്ളടക്കത്തിൽ ഗൗരവം പുലർത്തുകയും കെട്ടിലും മട്ടിലും ഉന്നതനിലവാരം സൂക്ഷിക്കുകയും ചെയ്യുന്ന അക്കാദമി പുസ്തകങ്ങളുടെ വൻവില്പനയാണ് പുസ്തകോത്സവത്തിൽ ലഭിച്ചത്.

**കഥ-നോവൽ ശില്പശാല ബഹറിനിൽ**

ബഹ്റൈൻ കേരള സമാജത്തിന്റെ സഹകരണത്തോടെ കേരള സാഹിത്യ അക്കാദമി ബഹറിനിൽ സംഘടിപ്പിച്ച കഥ-നോവൽ ശില്പശാല എം.മുകുന്ദൻ ഉദ്ഘാടനം ചെയ്തു. സെപ്തംബർ 9 മുതൽ 12 വരെ നടന്ന

ശില്പശാലയിൽ അക്കാദമിയെ പ്രതിനിധീകരിച്ച് ഡോ.കെ.എസ്.രവി കുമാർ, കെ.പി.രാമനുണ്ണി, സെക്രട്ടറി എന്നിവർ പങ്കെടുത്തു. പ്രവാസസാഹിത്യമേഖലയ്ക്ക് എല്ലാവിധ സഹായസഹകരണങ്ങളും നൽകാൻ സാഹിത്യ അക്കാദമി പ്രതിജ്ഞാബദ്ധമാണെന്ന് ഈ ശില്പശാല തെളിയിച്ചു.

**യുവസാഹിത്യശില്പശാല- തൃശൂർ**

തൃശൂർ ജില്ല യുവസാഹിത്യശില്പശാല ഇരിങ്ങാലക്കുട എൻ.എൻ. ഹയർ സെക്കണ്ടറി സ്കൂളിൽ അക്കാദമി പ്രസിഡണ്ട് പി.വത്സല ഉദ്ഘാടനം ചെയ്തു. തോമസ് ഉണ്ണിയാടൻ എം.എൽ.എ. അദ്ധ്യക്ഷതവഹിച്ചു. പി.കെ.ഭരതൻ, അഡ്വ.കെ.ആർ.വിജയ, ഐ.ബാലഗോപാൽ, പി.ശിവദാസ്, കെ.ചന്ദ്രൻ എന്നിവർ സംസാരിച്ചു. നഗരസഭാ ചെയർമാൻ എം.പി.ജാക്സൺ സ്വാഗതവും പ്രൊഫ.എം.കെ.ചന്ദ്രൻ നന്ദിയും പറഞ്ഞു. വൈശാഖൻ, എൻ.ആർ.ഗ്രാമപ്രകാശ്, അശോകൻ ചരുവിൽ എന്നിവർ ക്ലാസ്സെടുത്തു. സമാപനചടങ്ങിനോടനുബന്ധിച്ച് വൈലോപ്പിള്ളി ജന്മശതാബ്ദി സ്മൃതിസദസ്സ് നടത്തി. വൈലോപ്പിള്ളിയും മലയാളകവിതയും എന്ന വിഷയത്തിൽ പ്രൊഫ.കെ.പി.ശങ്കരൻ സംസാരിച്ചു. ഡോ.സി.കെ.രവി അദ്ധ്യക്ഷതവഹിച്ചു. ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറി കെ.എൻ.ഹരി സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ക്യാമ്പ് ഡയറക്ടർ ഖാദർ പട്ടേപ്പാടം സ്വാഗതവും വി.എൻ.കൃഷ്ണൻകുട്ടി നന്ദിയും പറഞ്ഞു.

**യുവസാഹിത്യശില്പശാല-ആലപ്പുഴ, എറണാകുളം, കൊല്ലം**

ആലപ്പുഴ, എറണാകുളം, കൊല്ലം ജില്ലകളിലെ ശില്പശാല അമ്പലപ്പുഴ കുഞ്ചൻനമ്പ്യാർ സ്മാരക ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. ഡോ. അമ്പലപ്പുഴ ഗോപകുമാർ, പ്രൊഫ.എൻ.ഗോപിനാഥപിള്ള, ജി.ശശിധരൻപിള്ള, കരുമാടി ബാലകൃഷ്ണൻ, സുസ്മേഷ് ചന്ത്രോത്ത് എന്നിവർ ക്ലാസ്സുകൾ എടുത്തു. സമാപനദിവസം വൈലോപ്പിള്ളി അനുസ്മരണത്തിൽ പ്രൊഫ.എരുമേലി പരമേശ്വരൻപിള്ള പ്രഭാഷണം നടത്തി. പ്രൊഫ.അമ്പലപ്പുഴ രാമവർമ്മ സർട്ടിഫിക്കറ്റ് വിതരണം നിർവ്വഹിച്ചു.

**യുവസാഹിത്യശില്പശാല-തിരുവനന്തപുരം**

കേരള സാഹിത്യ അക്കാദമിയുടെയും വൈലോപ്പിള്ളി സംസ്കൃതിഭവന്റെയും ആഭിമുഖ്യത്തിൽ സെപ്തംബർ 4, 5 തീയതികളിൽ വൈലോപ്പിള്ളി സംസ്കൃതിഭവനിൽ സംഘടിപ്പിച്ച ശില്പശാല അക്കാദമി വൈസ് പ്രസിഡണ്ട് പ്രഭാവർമ്മ ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര അക്കാദമി ചെയർമാൻ കെ.ആർ.മോഹനൻ അദ്ധ്യക്ഷതവഹിച്ചു. ഡോ.പി.കെ.പോക്കർ, കെ.പാപ്പുട്ടി, എം.ജി.രവീന്ദ്രൻനായർ, കൈരളി ടി.വി.എക്സിക്യൂട്ടീവ് എഡിറ്റർ എൻ.പി.ചന്ദ്രശേഖരൻ, സാഹിത്യ അക്കാദമി നിർവ്വാഹകസമിതിയംഗം ഡോ.പി.എസ്.ശ്രീകല, പി.എസ്.രാജശേഖരൻ എന്നിവർ പങ്കെടുത്തു. കഥയുടെ സർഗ്ഗജാലകം എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ

ചന്ദ്രമതി, ബി.മുരളി, വിനു എബ്രഹാം, എസ്.ആർ.ലാൽ, ബേബി തോമസ് എന്നിവർ പങ്കെടുത്തു.

**സെബാസ്റ്റ്യൻ കാപ്പൻ ജീവിതവും ചിന്തകളും -പുസ്തകപ്രകാശനം**

അക്കാദമി പ്രസിദ്ധീകരിച്ച സെബാസ്റ്റൻ കാപ്പൻ ജീവിതവും ചിന്തകളും എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ധനമന്ത്രി ഡോ.ടി.എം.തോമസ് ഐസക് നിർവ്വഹിച്ചു. സിസ്റ്റർ ജെസ്മി പുസ്തകം സ്വീകരിച്ചു. സി.പി.നാരായണൻ മുഖ്യപ്രഭാഷണം നടത്തി. കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ ഡോ.പി.കെ.മൈക്കിൾ തരകൻ, പ്രൊഫ.സെബാസ്റ്റ്യൻ വട്ടമറ്റം, ആന്റോ കോക്കാട്ട്, കെ.സി.വർഗ്ഗീസ്, അശോകൻ ചരുവിൽ, ടി.സി.ജോൺ എന്നിവർ പങ്കെടുത്തു.

**ഇടപ്പള്ളി രാഘവൻപിള്ള ജന്മശതാബ്ദി**

കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച ഇടപ്പള്ളി രാഘവൻപിള്ള ജന്മശതാബ്ദി തൃശൂരിൽ അക്കാദമി ഓഡിറ്റോറിയത്തിൽ ശ്രീകുമാരൻതമ്പി ഉദ്ഘാടനം ചെയ്തു. അക്കാദമി വൈസ് പ്രസിഡണ്ട് പ്രഭാവർമ്മ അദ്ധ്യക്ഷതവഹിച്ചു. ഡോ.എസ്.കെ.വസന്തൻ ഇടപ്പള്ളി അനുസ്മരണ പ്രഭാഷണം നടത്തി. പ്രൊഫ.ഏറ്റുമാനൂർ സോമദാസൻ, കുരീപ്പുഴ ശ്രീകുമാർ, ലളിതാ ലെനിൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ടി.സി.ജോൺ നന്ദിപറഞ്ഞു. മുരളി പുറനാട്ടുകരയുടെ കാവ്യാഞ്ജലിയോടെ പരിപാടികൾ ആരംഭിച്ചു.

**കെ.പി.നാരായണപിഷാരോടി ജന്മശതാബ്ദി**

സാഹിത്യ അക്കാദമി സംഘടിപ്പിച്ച കെ.പി.നാരായണപിഷാരോടി ജന്മശതാബ്ദി യുസഫലി കേച്ചേരി ഉദ്ഘാടനം ചെയ്തു. വൈശാഖൻ അദ്ധ്യക്ഷതവഹിച്ചു. പ്രൊഫ.കെ.പി.നാരായണപിഷാരോടി അനുസ്മരണപ്രഭാഷണം പ്രൊഫ. കെ.പി.ശങ്കരൻ നിർവ്വഹിച്ചു. ഡോ.കെ.ജി.പൗലോസ്, ഡോ.പി.സി.മുരളീമാധവൻ, ഡോ.കെ.പി.മോഹനൻ, ഡോ.ധർമ്മരാജ് അടാട്ട്, ഡോ.വി.കെ.വിജയൻ, കെ.കെ.യതീന്ദ്രൻ, അശോകൻ ചരുവിൽ എന്നിവർ പങ്കെടുത്തു.

**എഴുത്തുകാരികളുടെ സംസ്ഥാനസംഗമം**

സാഹിത്യ അക്കാദമി സംഘടിപ്പിച്ച എഴുത്തുകാരികളുടെ സംഗമം ഡോ. എം.ലീലാവതി ഉദ്ഘാടനം ചെയ്തു. അക്കാദമി പ്രസിഡണ്ട് പി.വത്സല അദ്ധ്യക്ഷതവഹിച്ചു. ചടങ്ങിൽ ജയശ്രീ തിരുവണ്ണാമലൈ, ശൈലജ തിരുവണ്ണാലൈ എന്നിവരെ പി.വത്സല ആദരിച്ചു. *സ്ത്രീ മലയാളസാഹിത്യത്തിൽ* എന്ന വിഷയത്തിൽ ഡോ.മ്യൂസ് മേരി ജോർജ്ജ് പ്രബന്ധം അവതരിപ്പിച്ചു. ഡോ.റോസി തമ്പി മോഡറേറ്ററായിരുന്നു. ഗ്രേസി, കെ.പി.സുധീര, ഡോ.വള്ളിക്കാവ് മോഹൻദാസ്, ജയശ്രീ തിരുവണ്ണാമലൈ, ശൈലജ തിരുവണ്ണാമലൈ, ശ്രീകുമാരി രാമചന്ദ്രൻ, തനുജ എസ്. ഭട്ടതിരി എന്നിവർ ചർച്ചയിൽ പങ്കെടുത്തു

സമാപനസമ്മേളനം ലീലാമേനോൻ ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്ക് മലയാള ഭാഷ സ്ത്രീ എഴുതുമ്പോൾ എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ പ്രൊഫ.ലളിതാ ലെനിൻ മോഡറേറ്ററായിരുന്നു. ഡോ.പി.എസ്.ശ്രീകല തയ്യാറാക്കിയ പ്രബന്ധം സമ്മേളനത്തിൽ അവതരിപ്പിച്ചു. പാർവ്വതി പവനൻ, ദേവകി നിലയങ്ങോട്, കെ.ബി.ശ്രീദേവി, ഡോ.കെ.പി.സുധീര, ഖദീജ മുംതാസ്, ഇന്ദുമേനോൻ, മാധവിമേനോൻ, പ്രഭാമേനോൻ കൊൽക്കത്ത, ഡോ.റോസി തമ്പി, സിസ്റ്റർ ജെസ്മി, അനിത തമ്പി, എ.കൃഷ്ണകുമാരി, കെ.എ.ബീന, ലിസി, ഡോ.ലേഖാ നരേന്ദ്രൻ, ഡോ.എം.ഹേമമാലിനി, കെ.രമ, കണിമോൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

**ബാലസാഹിത്യസംഗമം**

ഡോ.സുകുമാർ അഴീക്കോട് ഉദ്ഘാടനംചെയ്തു.അക്കാദമി നിർവ്വാഹകസമിതിയംഗം അശോകൻ ചരുവിൽ അദ്ധ്യക്ഷതവഹിച്ചു. മലയാള ഭാഷ മരിക്കാതിരിക്കാൻ ബാലസാഹിത്യകാരന്മാർക്ക് വലിയ പങ്കുവഹിക്കാനുണ്ടെന്ന് സിപ്പി പള്ളിപ്പുറം പറഞ്ഞു. ബാലസാഹിത്യത്തിന് കേന്ദ്രസാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ച സിപ്പി പള്ളിപ്പുറത്തിന് കേരള സാഹിത്യ അക്കാദമിയുടെ സ്നേഹോപഹാരം ഡോ.സുകുമാർ അഴീക്കോട് സമർപ്പിച്ചു. സിപ്പി പള്ളിപ്പുറത്തെ പൊന്നാടയണിയിച്ച് ആദരിച്ചു. പ്രൊഫ.ലളിതാലെനിൻ ആമുഖഭാഷണം നടത്തി. മുല്ലനേഴി, പ്രൊഫ.കേശവൻ വെള്ളിക്കുളങ്ങര അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി എന്നിവർ സംസാരിച്ചു. ബാലസാഹിത്യം മലയാളത്തിൽ എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ കെ.ശ്രീകുമാർ പ്രബന്ധം അവതരിപ്പിച്ചു..സി.ആർ.ദാസ് മോഡറേറ്ററായിരുന്നു. കെ.വി.രാമനാഥൻ, എ.വിജയൻ, ഡോ.കാവുമ്പായി ബാലകൃഷ്ണൻ, തനുജ എസ്. ഭട്ടതിരി എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. 90 ബാലസാഹിത്യകാരന്മാർ സാഹിത്യസംഗമത്തിൽ പങ്കെടുത്തു.

**സി.വി.ശ്രീരാമൻ സ്മരണ**

അക്കാദമി സംഘടിപ്പിച്ച സി.വി.ശ്രീരാമൻ സ്മരണ ഒക്ടോബർ 9 ന് അക്കാദമി ഓഡിറ്റോറിയത്തിൽ പി.വത്സല ഉദ്ഘാടനം ചെയ്തു. വൈശാഖൻ അദ്ധ്യക്ഷതവഹിച്ചു. ഓർമ്മയും മറവിയും സി.വി.കഥകളിൽ എന്ന വിഷയത്തിൽ ഇ.പി.രാജഗോപാലനും സി.വി.ശ്രീരാമൻ–ആഖ്യാനത്തിന്റെ രാഷ്ട്രീയം എന്ന വിഷയത്തിൽ ഡോ.എസ്.എസ്.ശ്രീകുമാറും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അശോകൻ ചരുവിൽ, ലളിതാലെനിൻ ടി.സി. ജോൺ എന്നിവർ സംസാരിച്ചു.

**ചിദംബരങ്ങൾ–പുസ്തകപ്രകാശനം**

അക്കാദമി പ്രസിദ്ധീകരിച്ച സി.വി.ശ്രീരാമനെക്കുറിച്ചുള്ള ഓർമ്മപ്പുസ്തകം ചിദംബരങ്ങൾ യശോദ ശ്രീരാമന് നൽകി അക്കാദമി പ്രസിഡണ്ട് പി.വത്സല പ്രകാശനം ചെയ്തു. സി.വി.യുടെ വസതിയിൽ ചേർന്ന

സമ്മേളനത്തിൽവെച്ചാണ് പുസ്തകപ്രകാശനം നടന്നത്.

**ഗീതാഞ്ജലിയുടെ നൂറാം വാർഷികം**

വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ 150-ാം ജന്മവാർഷികാഘോഷവും നോബൽ സമ്മാനത്തിനർഹമായ ഗീതാഞ്ജലിയുടെ നൂറാം വാർഷികാഘോഷവും കാസർഗോഡ് മുന്നാട് പീപ്പിൾസ് കോ-ഓപ്പറേറ്റീവ് ആർട്സ്& സയൻസ് കോളേജിൽവെച്ച് നടത്തി. സംസ്ഥാന ലൈബ്രറി കൗൺസിൽ, പുരോഗമന കലാസാഹിത്യസംഘം എന്നിവയുടെ സഹകരണത്തോടു കൂടിയായിരുന്നു പരിപാടി. അക്കാദമി പ്രസിഡണ്ട് പി.വത്സല ഉദ്ഘാടനം ചെയ്തു. കെ.വി.കുഞ്ഞിരാമൻ എം.എൽ.എ. മുഖ്യാതിഥിയായിരുന്നു. പി.രാഘവൻ, ഇ.പി.രാജഗോപാലൻ, ഡോ. അംബികാസുതൻ മാങ്ങാട്, കെ.അബ്ദുൾ റഹിമാൻ, പി.വി.കെ.പനയാൽ, രവീന്ദ്രൻ കൊടക്കാട്, വാസു ചോറോട് എന്നിവർ സംസാരിച്ചു.

**ജ്ഞാനപീഠ ജേതാവ് ഒ.എൻ.വി.ക്ക് സ്വീകരണം**

ജ്ഞാനപീഠജേതാവ് ഒ.എൻ.വി.ക്ക് തൃശൂരിൽ പൗരസ്വീകരണം നൽകി. സാഹിത്യ അക്കാദമിയുടെ അങ്കണത്തിൽ നൽകിയ സ്വീകരണം അക്ഷരാർത്ഥത്തിൽ മലയാളഭാഷയ്ക്കുള്ള പ്രണാമവും അർച്ചനയുമായി മാറി. മന്ത്രിമാരും ജനപ്രതിനിധികളും എഴുത്തുകാരും കലാകാരന്മാരും ഉൾപ്പെടെ സാംസ്കാരിക കേരളം തൃശൂരിലേയ്ക്ക് ഒഴുകിയെത്തി. ഒ.എൻ.വി.യുടെ പ്രശസ്തഗാനങ്ങൾ കോർത്തിണക്കിയ സംഗീതസന്ധ്യയോടെയാണ് സ്വീകരണസമ്മേളനത്തിന് തിരശ്ശീല വീണത്.

**പൊൻകുന്നം വർക്കി സ്മാരക കഥാസമ്മേളനം**

എഴുത്തുകാരന്റെ സ്വപ്നങ്ങൾക്ക് സമൂഹത്തെ മാറ്റാൻ കഴിയുമെന്ന് തെളിയിച്ച പൊൻകുന്നം വർക്കിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് അക്കാദമിയിൽ കഥാസമ്മേളനം സംഘടിപ്പിച്ചു. എം.മുകുന്ദൻ ഉദ്ഘാടനം ചെയ്തു. പി.വത്സല അധ്യക്ഷതവഹിച്ചു. ഡോ.കെ.പി.മോഹനൻ പൊൻകുന്നം വർക്കി അനുസ്മരണപ്രഭാഷണം നിർവ്വഹിച്ചു. വിവിധ സമ്മേളനങ്ങളിലായി യു.കെ.കുമാരൻ, കെ.ഇ.എൻ., വി.വി.രുഗ്മിണി, പ്രൊഫ.ചന്ദ്രമതി, കെ.പി.രാമനുണ്ണി, ജോർജ്ജ് ജോസഫ് കെ., പ്രൊഫ. ഇ.രാജൻ, എൻ.രാജൻ, എം.എൻ.വിനയകുമാർ, ഡോ.അമൃത, ടി.സി. ജോൺ, എൻ.പ്രഭാകരൻ, സന്തോഷ് ഏച്ചിക്കാനം, അശോകൻ ചരുവിൽ, ഷാജി ജേക്കബ്, ബാലചന്ദ്രൻ വടക്കേടത്ത്, സുഭാഷ്ചന്ദ്രൻ, ഇ.സന്തോഷ്കുമാർ, കെ.വി.അനൂപ്, പി.വി.ഷാജികുമാർ, സുസ്മേഷ് ചന്ദ്രോത്ത്, ടി.പി.വേണുഗോപാലൻ, സി.അനൂപ്, വി.ആതിര, ലതാ ലക്ഷ്മി തുടങ്ങിയവർ സംബന്ധിച്ചു.

**ഭരണഭാഷാ പ്രതിജ്ഞ**

കേരളപ്പിറവി ദിനത്തിൽ അക്കാദമിയുടെ നേതൃത്വത്തിൽ ഭരണഭാഷാ പ്രതിജ്ഞയെടുത്തു. പ്രസിഡണ്ട് പി.വത്സല ഭരണഭാഷാ പ്രതിജ്ഞ

ചൊല്ലിക്കൊടുത്തു. ലളിതലെനിൻ, പ്രൊഫ.എം.ഹരിദാസ്, ടി.സി.ജോൺ എന്നിവർ സംസാരിച്ചു.

**കേരളപ്പിറവി - ഭാഷാസമ്മേളനം**

കേരളപ്പിറവി ദിനത്തിൽ കേരള സാഹിത്യ അക്കാദമി ഭാഷാസമ്മേളനം സംഘടിപ്പിച്ചു. കെ.എൽ.മോഹനവർമ്മ ഉദ്ഘാടനം ചെയ്തു. പ്രഭാവർമ്മ, ഡോ.എസ്.കെ.വസന്തൻ, മുല്ലനേഴി, അശോകൻ ചരുവിൽ തുടങ്ങിയവർ ഭാഷാ സമ്മേളനത്തിൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു.

**ഐ.വി.ദാസ് അനുസ്മരണം**

മാനവികമായ നന്മയിലൂന്നിനിന്നുകൊണ്ട് പൊതുപ്രവർത്തനം നടത്തിയ അനന്യസാധാരണവ്യക്തിത്വമായിരുന്നു സാഹിത്യ അക്കാദമി സെക്രട്ടറി കൂടിയായിരുന്ന ഐ.വി.ദാസിന്റേത്. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സഹകരണത്തോടെ സാഹിത്യ അക്കാദമി സംഘടിപ്പിച്ച അനുസ്മരണസമ്മേളനം ഡോ.സുകുമാർ അഴീക്കോട് ഉദ്ഘാടനം ചെയ്തു. പ്രമുഖ എഴുത്തുകാരും സാംസ്കാരികപ്രവർത്തകരും പങ്കെടുത്തു.

**കെടാമംഗലം പപ്പുകുട്ടി ജന്മശതാബ്ദി**

സ്ഥിതിസമത്വത്തിനുവേണ്ടി എഴുതുകയും പ്രവർത്തിക്കുകയും ചെയ്ത കെടാമംഗലം പപ്പുകുട്ടിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് ചെറായി സഹോദരൻ അയ്യപ്പൻ സ്മാരകത്തിന്റെ സഹകരണത്തോടെ പള്ളിപ്പുറത്ത് സംഘടിപ്പിച്ച സമ്മേളനം എം.കെ.സാനു ഉദ്ഘാടനം ചെയ്തു. കെടാമംഗലം പപ്പുകുട്ടിയും പുരോഗമനപ്രസ്ഥാനവും, കവിത: ദേശീയ സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പും എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**പുസ്തകപ്രകാശനം-കേളപ്പജി**

ആധുനികകേരളം രൂപപ്പെടുത്തിയവരിൽ പ്രധാനിയായ കെ.കേളപ്പനെക്കുറിച്ച് കെ.വി.കുഞ്ഞിരാമൻ രചിച്ച കേളപ്പജി എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം കോഴിക്കോട് പ്രസ്സ് ക്ലബ്ബിൽവെച്ച് ദേവസ്വം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിർവ്വഹിച്ചു. അക്കാദമി പ്രസിഡണ്ട് പി.വത്സല അദ്ധ്യക്ഷതവഹിച്ചു. സെമിനാറിലും സമ്മേളനത്തിലും ഒട്ടേറെ പ്രമുഖർ പങ്കെടുത്തു.

**എഴുത്തച്ഛൻ പുരസ്കാരം- ഡോ.എം.ലീലാവതിയ്ക്ക്**

കേരളസർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാര സമർപ്പണച്ചടങ്ങ് തിരുവനന്തപുരം സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ സംഘടിപ്പിച്ചു. ബഹു. മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ, ഡോ.എം.ലീലാവതിക്ക് പുരസ്കാരം സമർപ്പിച്ചു. ബഹു.സാംസ്കാരികവകുപ്പ് മന്ത്രി എം.എം.ബേ

ബി, പി.വത്സല, എം.മുകുന്ദൻ, വി.ശിവൻകുട്ടി എം.എൽ.എ., സുഗതകുമാരി എന്നിവർ സംസാരിച്ചു.

**അപ്പൻതമ്പുരാൻ ദിനം**

രാമവർമ്മ അപ്പൻതമ്പുരാന്റെ ചരമദിനത്തിൽ, അയ്യന്തോൾ അപ്പൻതമ്പുരാൻ സ്മാരകവായനശാലയുടെ സഹകരണത്തോടെ നവം 19 ന് അയ്യന്തോളിൽ അനുസ്മരണചടങ്ങ് സംഘടിപ്പിച്ചു. പി.വത്സല ദീപം തെളിയിച്ചു.

**എഴുത്തുവിളക്ക് 2010**

ജില്ലാ ശില്പശാലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട യുവസാഹിത്യകാരന്മാരുടെ ശില്പശാല-എഴുത്തുവിളക്ക് 2010 ആഭ്യന്തരവകുപ്പ് മന്ത്രി കോടിയേരി ബാലകൃഷ്ണൻ പറശ്ശിനിക്കടവിൽ ഉദ്ഘാടനം ചെയ്തു. സെമിനാർ,പഠനക്ലാസുകൾ, സാംസ്കാരികയാത്ര, സംവാദം, കലാപരിപാടികൾ തുടങ്ങി വിവിധ പരിപാടികൾ മൂന്നു ദിവസങ്ങളിലായി നടന്നു.

**പുസ്തകപ്രകാശനം**

എഴുത്തുവിളക്ക് 2010 നോടനുബന്ധിച്ച് അക്കാദമി പ്രസിദ്ധീകരിച്ച പത്ത് പുസ്തകങ്ങൾ പ്രകാശനം ചെയ്തു.

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഐക്യദാർഢ്യം**

എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്ന കാസർഗോഡ് നിവാസികൾക്ക് സാംസ്കാരികനേതൃത്വം ഐക്യദാർഢ്യം പ്രഖ്യാപിച്ചു. അക്കാദമി പ്രസിഡണ്ട് പി.വത്സല, എം.മുകുന്ദൻ, രാവുണ്ണി, കെ.ഇ.എൻ. പി.കെ.ഗോപി, ഡോ.എ.കെ.നമ്പ്യാർ തുടങ്ങിയ അക്കാദമി ഭാരവാഹികളും ജനപ്രതിനിധികളും പ്രമുഖ എഴുത്തുകാരും പങ്കെടുത്തു.

**ഇ.ഭാഷാ സാഹിത്യസമ്മേളനം സമ്മേളനം**

മലയാളഭാഷയ്ക്ക് സാങ്കേതികവിദ്യാനയം രൂപീകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി സാഹിത്യ അക്കാദമി തൃശൂരിൽ ഏകദിന ഇ.ഭാഷസാഹിത്യസമ്മേളനം സംഘടിപ്പിച്ചു. ഡോ.ബി.ഇക്ബാൽ ഉദ്ഘാടനം ചെയ്തു. പി.വത്സല അദ്ധ്യക്ഷതവഹിച്ചു. വൈശാഖൻ, എം.പി.പരമേശ്വരൻ, മഹേഷ് മംഗലാട്ട്, കെ.എച്ച്.ഹുസൈൻ, വി.കെ.ആദർശ്, ലളിതാലെനിൻ, ഡോ.പി.കെ.രാജശേഖരൻ, പി.പി.രാമചന്ദ്രൻ, അഷ്ടമൂർത്തി, ടി.വി.സുനിത തുടങ്ങി ഒട്ടേറെ പ്രഗത്ഭർ ക്ലാസുകളും ചർച്ചകളും നയിച്ചു.

**ഇടശ്ശേരി ജന്മശതാബ്ദിസമ്മേളനം**

ഇടശ്ശേരി സ്മാരകസമിതിയുടെ സഹകരണത്തോടെ തൃശൂരിൽ സംഘടിപ്പിച്ച ഇടശ്ശേരി ജന്മശതാബ്ദി സമ്മേളനം പി.വത്സല ഉദ്ഘാടനം ചെയ്തു. മഹാകവി അക്കിത്തം, അശോകൻ ചരുവിൽ തുടങ്ങിയവർ പങ്കെടുത്തു. ഇടശ്ശേരി പുരസ്കാരജേതാവ് പി.എം.ഗോവിന്ദനുണ്ണിക്ക്

അക്കിത്തം പുരസ്കാരം നൽകി. ഡോ.ബി.വി.ശശികുമാർ ഇടശ്ശേരി അനുസ്മരണപ്രഭാഷണം നിർവ്വഹിച്ചു. ഇടശ്ശേരി കാവ്യാലാപനത്തിൽ വിദ്യാർത്ഥിപ്രതിഭകൾ പങ്കെടുത്തു.

**ചങ്ങമ്പുഴ ജന്മശതാബ്ദിയാഘോഷം**

വായന സാഹിത്യക്കൂട്ടായ്മ, ജില്ലാ ലൈബ്രറി കൗൺസിൽ, പുരോഗമന കലാസാഹിത്യസംഘം എന്നിവയുടെ സഹകരണത്തോടെ പാലക്കാട് ചങ്ങമ്പുഴ ജന്മശതാബ്ദിയാഘോഷം 'കനകച്ചിലങ്ക' സംഘടിപ്പിച്ചു. സുകുമാർ അഴീക്കോട് ഉദ്ഘാടനം ചെയ്തു.കവിയരങ്ങ്, പുസ്തക പ്രകാശനം, കവിതാലാപനം, നൃത്താവിഷ്ക്കാരം, പ്രഭാഷണങ്ങൾ തുടങ്ങി വിവിധ പരിപാടികളിൽ പ്രഗത്ഭ എഴുത്തുകാരും സാംസ്കാരികനായകരും പങ്കെടുത്തു. അനുസ്മരണസമ്മേളനം മന്ത്രി എം.എ.ബേബി ഉദ്ഘാടനം ചെയ്തു. ബാലചന്ദ്രൻ ചുള്ളിക്കാട് അദ്ധ്യക്ഷതവഹിച്ചു.

**വൈലോപ്പിള്ളി ജന്മശതാബ്ദി ആഘോഷം -കുഴിക്കാട്ടുശ്ശേരി**

കുഴിക്കാട്ടുശ്ശേരി ഗ്രാമികയുമായി സഹകരിച്ച് കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച വൈലോപ്പിള്ളി ജന്മശതാബ്ദിയാഘോഷം പ്രൊഫ. കെ.പി.ശങ്കരൻ ഉദ്ഘാടനം ചെയ്തു. അശോകൻ ചരുവിൽ അദ്ധ്യക്ഷതവഹിച്ചു. ഡോ.കെ.വി.സജയ് വൈലോപ്പിള്ളിയുടെ കാവ്യപ്രപഞ്ചത്തെക്കുറിച്ച് സംസാരിച്ചു. കവിയരങ്ങ്, കവിതാലാപനം,കാവ്യകേളി തുടങ്ങിയ പരിപാടികൾ അരങ്ങേറി.

**പുസ്തകശേഖരം അക്കാദമിക്ക്**

ഡോ.അകവൂർ നാരായണന്റെ പുസ്തകശേഖരം ദൽഹി കേരളഹൗസിൽനടന്ന അനുസ്മരണചടങ്ങിൽ അകവൂരിന്റെ ഭാര്യ ഗൗരി അന്തർജ്ജനത്തിൽനിന്ന് സാഹിത്യ അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി ഏറ്റുവാങ്ങി.

**ദളിത് സാഹിത്യസംഗമം എറണാകുളം**

കേരള സാഹിത്യ അക്കാദമി എറണാകുളത്ത്വെച്ച് ദളിത് എഴുത്തുകാരുടേതുമാത്രമായ കൂട്ടായ്മ സംഘടിപ്പിച്ചു. പ്രഗത്ഭരും പ്രശസ്തരുമായ ദളിത് എഴുത്തുകാരുടെ പങ്കാളിത്തവും ഇടപെടലും കൊണ്ട് സാഹിത്യസംഗമം ധന്യമായി. എം.കെ.സാനു ഉദ്ഘാടനം ചെയ്തു. പി.വത്സല അദ്ധ്യക്ഷതവഹിച്ചു. തമിഴ് ദളിത് എഴുത്തുകാരനായ അഴകിയ പെരിയവൻ മുഖ്യാതിഥിയായി പങ്കെടുത്തു. സെമിനാറിൽ ദളിത് സാഹിത്യരംഗത്തെ വിവിധ വിഷയങ്ങൾ ചർച്ചചെയ്തു. നോവലിസ്റ്റ് നാരായനെ ചടങ്ങിൽ ആദരിച്ചു.

**സുവർണ്ണ ജൂബിലി മന്ദിരം ഉദ്ഘാടനം**

**എം.പി.പോൾ പഠനഗവേഷണകേന്ദ്രം ഉദ്ഘാടനം**

സാഹിത്യ അക്കാദമിയുടെ സുവർണ്ണ ജൂബിലി മന്ദിരവും എം.പി.

പോൾ പഠനഗവേഷണകേന്ദ്രവും ബഹു. സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബി ഉദ്ഘാടനം ചെയ്തു.

**റസൂൽ പൂക്കുട്ടിക്ക് ആദരം**

ഓസ്കാർ പുരസ്കാര ജേതാവ് റസൂൽ പൂക്കുട്ടിയ്ക്ക് കേരള സർക്കാർ പ്രഖ്യാപിച്ച സുവർണ്ണമുദ്ര അക്കാദമി യിൽ നടന്ന ചടങ്ങിൽവെച്ച് ബഹു. മന്ത്രി എം.എ.ബേബി സമ്മാനിച്ചു.

**അക്കാദമി വാർഷികവും പുരസ്കാരസമർപ്പണവും**

വിശിഷ്ടാംഗത്വസമർപ്പണം, സമഗ്രസംഭാവനാപുരസ്കാരസമർപ്പണം, അക്കാദമി അവാർഡുകൾ, എൻഡോവ്മെന്റ് അവാർഡുകൾ എന്നിവ അക്കാദമിയുടെ 55-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ വെച്ച് ബഹു. മന്ത്രി എം.എ.ബേബി സമർപ്പിച്ചു. അക്കാദമി പ്രസിഡണ്ട് പി.വത്സല അദ്ധ്യക്ഷതവഹിച്ചു. അക്കാദമി പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ചടങ്ങിൽ പ്രകാശനം ചെയ്തു. അവാർഡ് ജേതാക്കളും എഴുത്തുകാരും ഉൾപ്പെടെ വൻജനാവലി സന്നിഹിതരായി.

**ഫോക്‌ലോർ സാഹിത്യസെമിനാർ**

കേരള ഫോക്‌ലോർ അക്കാദമി, തഞ്ചാവൂർ ദക്ഷിണേന്ത്യൻ സാംസ്കാരികകേന്ദ്രം, കേരള സാഹിത്യ അക്കാദമി എന്നിവയുടെ നേതൃത്വത്തിൽ ഫോക്‌ലോറും സാഹിത്യവും എന്ന വിഷയത്തെപ്പറ്റി സെമിനാർ സംഘടിപ്പിച്ചു. വർത്തമാനകാല ജീവിതത്തിന്റെ ആഴത്തിലുള്ള നാരായവേരാണ് ഫോക്‌ലോറെന്നും അത് സാഹിത്യത്തിന്റെ ആദിമരൂപമാണെന്നും സെമിനാർ വിലയിരുത്തി.

**ലോകമാതൃഭാഷാദിനം- പുസ്തകപ്രദർശനം**

ലോകമാതൃഭാഷാദിനത്തോടനുബന്ധിച്ച് അക്കാദമി കാമ്പസിൽ ഇരുപത് ദിവസം നീണ്ടു നിൽക്കുന്ന പുസ്തകോത്സവം സംഘടിപ്പിച്ചു. ഫോക്‌ലോർ പുരസ്കാരത്തിന് അർഹനായ അക്കാദമിയിലെ മുൻജീവനക്കാരനും പ്രശസ്ത കുമ്മാട്ടി കലാകാരനുമായ ടി.ജി.സുകുമാരന് ചടങ്ങിൽവെച്ച് അക്കാദമിയുടെ ഉപഹാരം സമ്മാനിച്ചു.

**അപ്പൻതമ്പുരാൻ സ്മാരക മ്യൂസിയം ശിലാസ്ഥാപനം**

അപ്പൻതമ്പുരാൻ സ്മാരക മ്യൂസിയവും ആനുകാലികലൈബ്രറിയും ഒട്ടേറെ വികസന സാദ്ധ്യതകളുള്ള സ്ഥാപനങ്ങളാണ്. ഇപ്പോഴുള്ള പരിമിതമായ ഭൗതികസൗകര്യത്തിൽനിന്നും മുന്നോട്ടുപോകുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ നിന്ന് അക്കാദമിക്ക് വിട്ടുകിട്ടിയ ഭൂമിയിൽ വിപുലമായ സൗകര്യങ്ങളുള്ള സാംസ്കാരിക മ്യൂസിയത്തിന് ബഹു. മന്ത്രി എം.എ.ബേബി തറക്കല്ലിട്ടു.

**ഇ.ഭാഷ സാഹിത്യശില്പശാല**

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ച് നടത്തിയ ദ്വിദിന ഇ.

ഭാഷാ ശില്പശാല പി.വത്സല ഉദ്ഘാടനം ചെയ്തു. ശാസ്ത്രത്തിന്റെ സംഭാവനയായ ഇലക്ട്രോണിക് ഭാഷയെ സംസ്കാരത്തിന്റെ ഭാഷയാക്കി മാറ്റാനുള്ള സമഗ്രമായ ശ്രമമായിരുന്നു ഈ ശില്പശാല. ചർച്ചയിലും ക്ലാസ്സുകളിലും സെമിനാറിലും സൗഹൃദക്കൂട്ടായ്മയിലും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളോടൊപ്പം നിരവധി എഴുത്തുകാർ പങ്കെടുത്തു.

**ചെറുശ്ശേരി ദിനാചരണം**

അക്കാദമി സംഘടിപ്പിച്ച ചെറുശ്ശേരി ദിനാഘോഷത്തിൽ ചെറുശ്ശേരി പ്രണാമം എന്ന ഗ്രന്ഥം മഹാകവി അക്കിത്തം ,പി.പി.കെ.പൊതുവാളിന് നൽകി പ്രകാശനം ചെയ്തു. സമ്മേളനത്തിൽ വൈശാഖൻ,എസ്.കെ. വസന്തൻ, ലളിതാലെനിൻ തുടങ്ങിയവർ പങ്കെടുത്തു.

**മാധ്യമങ്ങൾക്ക് ഒരു വനിതാനയം**

കേരള വനിതാകമ്മീഷനും കേരള കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് മാധ്യമങ്ങൾക്ക് ഒരു വനിതാനയം എന്ന ഏകദിന ശില്പശാല സംഘടിപ്പിച്ചു. മാധ്യമങ്ങളിലെ സ്ത്രീവിരുദ്ധ പ്രവണതകളെക്കുറിച്ച് ശില്പശാല ചർച്ച ചെയ്തു.

**പുസ്തകപ്രകാശനങ്ങൾ**

അപ്പൻതമ്പുരാന്റെ ഭൂതരായർ, കുട്ടികൃഷ്ണമേനോൻ-മഹാനായ കർമ്മയോഗി, കെ.സി.എസ്.പണിക്കർ-കലയും ജീവിതവും, പി.ജെ.ആന്റണി-ജീവിതം ഒരു ആഹ്വാനം എന്നീ ഗ്രന്ഥങ്ങളുടെ പ്രകാശനങ്ങളോടനുബന്ധിച്ച് സാഹിത്യ ചർച്ച സംഘടിപ്പിച്ചു.

**പി.ശ്രീധരൻ അനുസ്മരണം**

പ്രമുഖ പത്രപ്രവർത്തകനും ചിന്തകനും എഴുത്തുകാരനുമായ പി. ശ്രീധരനെ അക്കാദമി അനുസ്മരിച്ചു. പത്രപ്രവർത്തനത്തിൽ സാംസ്കാരികമായ ഉള്ളടക്കം നിലനിർത്തിയ ഒരു ബഹുമുഖപ്രതിഭയായിരുന്നു പി.ശ്രീധരനെന്നും നിർഭയനായ ഒരു സാമൂഹ്യ-സാംസ്കാരിക വിമർശകൻ എന്ന പേരിൽ വ്യക്തിമുദ്രപതിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ടെന്നും അനുസ്മരണസമ്മേളനത്തിൽ പങ്കെടുത്തവർ വിലയിരുത്തി.

## പ്രസിദ്ധീകരണ വിഭാഗം

കേരള സാഹിത്യ അക്കാദമിയുടെ പ്രധാനമായ ലക്ഷ്യങ്ങളെ സാക്ഷാത്കരിക്കുന്ന വിഭാഗമാണ് പബ്ലിക്കേഷൻസ് വിഭാഗം. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വികാസത്തിനും ഔന്നത്യത്തിനും വേണ്ട കൃതികൾ പ്രസിദ്ധീകരിക്കുക, ഭാരതീയരും വിദേശീയരുമായ ഭാഷകളിലെ നല്ല സാഹിത്യ കൃതികൾ വിവർത്തനം ചെയ്ത് പ്രസിദ്ധീ

കരിക്കുക മലയാളത്തിലെ പ്രതിഷ്ഠിതകൃതികൾക്കു സമുചിതമായ പതിപ്പുകൾ പ്രസിദ്ധപ്പെടുത്തുക, ലയാള ഭാഷയുടെ വികാസം മനസ്സിലാക്കുവാൻ ഉതകും വണ്ണം ദ്രാവിഡ ഭാഷകളുടെ താരതമ്യപഠനത്തെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളെ സാക്ഷാത്ക്കരിക്കുന്നതിൽ പബ്ലിക്കേഷൻസ് വിഭാഗം വലിയ പങ്കുവഹിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിലെ മലയാള സാഹിത്യത്തെയും കേരളീയ സമൂഹത്തേയും പഠനവിധേയമാക്കുന്നതിന് ആവശ്യമായ ഒട്ടേറെ കൃതികൾ ഇക്കാലയളവിൽ പ്രസിദ്ധീകരിയ്ക്കാനായിട്ടുണ്ട്. പണ്ഡിതന്മാരായ എഴുത്തുകാർക്ക് ഇവരുടെ കൃതികൾ പ്രസിദ്ധീകരിച്ച് അക്കാദമിക്ക് അവരെ സഹായിക്കാനും കഴിഞ്ഞിട്ടുണ്ട്.

പുസ്തകപ്രസിദ്ധീകരണരംഗത്ത് അടുത്തകാലത്ത് ഉണ്ടാക്കിയ മുന്നേറ്റം ഈ പ്രവർത്തനവർഷത്തിലും കൂടുതൽ ശക്തമായി തുടർന്നിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി കേരളത്തിലെ വളരെ ശ്രദ്ധേയമായ പ്രസാധക സ്ഥാപനമായി ഇപ്പോൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വെറും സാഹിത്യ ഗ്രന്ഥങ്ങൾ എന്നതിലുപരി സമൂഹവിജ്ഞാനത്തിന്റെയും സംസ്കാരപഠനത്തിന്റെയും മേഖലകളിൽ വൻ ഉൾക്കാഴ്ച നല്കുന്ന പുസ്തകങ്ങളും ഇക്കാലയളവിൽ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു.

കേരളത്തിലെ കോളേജു ലൈബ്രറികളും പൊതു ഗ്രന്ഥശാലകളും ഇപ്പോൾ ഏതാണ്ട് വർഷംതോറുംമെന്നപോലെ പുസ്തക ശേഖരത്തിലേയ്ക്ക് കേരള സാഹിത്യ അക്കാദമി പുസ്തകങ്ങളെ പരിഗണിക്കുന്നു.

## 2010-2011 ൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

| | പുസ്തകം | ഗ്രന്ഥകാരൻ |
|---|---|---|
